പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1199 31.10.2019-ൽ മറുപടിയ്ക്ക്

# ഷെഹീദാർ പള്ളി-ടെക്സ്റ്റോ ജംഗ്ഷൻ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി യു. പ്രതിഭ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കായംകുളം മണ്ഡലത്തിൽ നബാഡിൽ ഉൾപ്പെടുത്തി 4.98 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന ഷെഹീദാർ പള്ളി-ടെക്സ്റ്റോ ജംഗ്ഷൻ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ നിലച്ച അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കായി ശ്രീ. മെഹബൂസ് എന്ന കരാറുകാരന് ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. ദീർഘസമയം എടുത്ത് പണികൾ ആരംഭിച്ചെങ്കിലും കാലതാമസം ഉണ്ടായതിനാൽ ടിയാനെ പൊതുമരാമത്ത് ചട്ടപ്രകാരം കരാറിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. തുടർന്ന് കരാറുകാരൻ നൽകിയ അപേക്ഷയിന്മേൽ ടി വർക്ക് ചീഫ് എഞ്ചിനീയറുടെ 26/07/2019 ലെ ഉത്തരവ് നം. സി.ഇ/ആർ&ബി/എൻ.ബി -23/ആർ -3/17 പ്രകാരം 30/11/2019 നുള്ളിൽ കരാറുപ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും തീർത്തുകൊള്ളാം എന്ന ഉറപ്പിന്മേൽ കരാർ പുന:സ്ഥാപിച്ച് നൽകിയിരുന്നു. എന്നാൽ കരാറുകാരൻ പണികൾ പുനരാരംഭിക്കാതിരുന്നതിനാൽ ടിയാന്റെ പേരിൽ കർശന നടപടി സ്വീകരിക്കുമെന്ന് 19/10/2019 ലെ എബി2/7204/2016 നമ്പർ കത്ത് പ്രകാരം ആലപ്പുഴ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരനെ അറിയിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ